പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 582 | 29/06/2011 - ൽ മറുപടിയ്ക്ക്

പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ബി.ഡി.ദേവസ്സി | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) കോടശ്ശേരി ഗ്രാമപഞ്ചായത്തിലെ പീലാർമുഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് നബാർഡ് XVI -ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് സാങ്കേതികാനുമതിക്കുള്ള നടപടിക്രമങ്ങൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു. |
| (ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രസ്തുത സ്കീമിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) സാങ്കേതികാനുമതി നൽകുന്ന മുറക്ക് ടെൻഡർ നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി തുടങ്ങുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.